പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4588 29.06.2012- ൽ മറുപടിക്ക്

വിദേശത്തെ ജയിലുകളിൽ മലയാളി തടവുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)വിദേശത്തെ ജയിലുകളിൽ മലയാളി തടവുകാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)എന്തെല്ലാം നിയമസഹായങ്ങളാണ് ലീഗൽ എയിഡ് സെൽ നൽകുന്നതെന്നും ആയത് എത്ര പേർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) വിദേശരാജ്യങ്ങളിൽ നിലവിലുള്ള നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതമൂലവും വ്യാജ ഇടനിലക്കാരുടെ ചൂഷണത്തിനു വിധേയമായും വിദേശ ജയിലുകളിൽ കഴിയുന്ന കേരളീയരെ പ്രസ്തുത രാജ്യത്ത് ആവശ്യമായ നിയമസഹായം നൽകി ജയിൽമോചിതരാക്കി തിരികെ നാട്ടിലെത്തിക്കുക എന്നതാണ് പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രധാന ഉദ്ദേശ്യം. പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കാനുള്ള നടപടികൾ സത്വരമായി നടത്തിവരികയാണ്. |
| (സി)ലീഗൽ എയിഡ് സെൽ മുഖേന എന്തെല്ലാം സേവനങ്ങളാണ് വിദേശ മലയാളികൾക്ക് നല്കുന്നതെന്ന് വിശദമാക്കാമോ ; | (സി) പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ പ്രവർത്തനം അതാത് രാജ്യത്തെ ഇന്ത്യൻ എംബസ്സികളുടെ സഹകരണത്തോടെ മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിലൂടെ ജയിലിൽ അടയ്ക്കപ്പെട്ടതും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നതുമായ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി |

എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതർക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ , വിദേശത്തുള്ള നോർക്ക – റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ കൺസൾട്ടന്റുകൾ , എന്നിവർ മുഖാന്തിരം പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്.

(ഡി)വിദേശ മലയാളി തടവുകാർക്ക് സേവനം നല്കുന്നതിൽ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കാമോ ?

(ഡി) സ്വപ്നസാഫല്യം പദ്ധതി

വിദേശ രാജ്യങ്ങളിൽ ജയിലിലടയ്ക്കപ്പെടുന്നവരെ തിരിച്ച് നാട്ടിലെത്തിക്കുന്നതിന് സൗ ജന്യവിമാനടിക്കറ്റ് നൽകുന്ന പദ്ധതിയാണിത്. സൗദി അറേബ്യയിൽ ആരംഭിച്ച ഈ പദ്ധതി സർക്കാർ നേതൃത്വത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതിനായി ഈ വർഷം(2012 – 13) ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ